Draft #2 of File 33924/AC B7-1/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 13-Oct-2020 03:05 PM - Page 1

YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശേരി(സ്വയംഭരണം)- 2020-21 അക്കാദമിക വർഷം- എം.സി.എ പ്രോഗ്രാം (2 വർഷം)- പരിഷ്കരിച്ച സിലബസ് അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 4702/AC B 7/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 14.10.2020

---

*പരാമർശം:*-1.കളമശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് പ്രിൻസിപ്പലിന്റെ 08.07.2020-ലെ RCSS/436/MCA/2020 നമ്പർ കത്ത്

**ഉത്തരവ്**

MCA പ്രോഗ്രാമിന്റെ ദൈർഘ്യം 3 വർഷം എന്നത് 2 വർഷം ആക്കി ചുരുക്കിയ AICTE മാർഗ്ഗനിർദ്ദേശം യു.ജി.സി അംഗീകരിച്ചതിൻപ്രകാരം സ്വയംഭരണ പദവിയുള്ള രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശ്ശേരി 2020 അക്കാദമിക വർഷം മുതൽ അവരുടെ MCA പ്രോഗ്രാമിന് തയ്യാറാക്കിയ പരിഷ്കരിച്ച സിലബസ് സർവകലാശാലയുടെ അംഗീകാരത്തിനായി പരാമർശം (1) പ്രകാരം സമർപ്പിച്ചിരുന്നു. ടി സിലബസ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് പി.ജി ബോർഡ് ഓഫ് സ്റ്റഡീസിന്റെ പരിഗണനയ്ക്കും അഭിപ്രായത്തിനുമായി സമർപ്പിച്ചിരുന്നു.

ബോർഡിൻറെ നിരീക്ഷണത്തിൽ രാജഗിരി കോളേജ് സമർപ്പിച്ചിരിക്കുന്ന എം.സി.എ പ്രോഗ്രാമിന്റെ സിലബസ് സർവ്വകലാശാലയുടെ പി.ജി. CSS 2019 റെഗുലേഷൻ പൂർണമായി പിന്തുടർന്നിട്ടുണ്ടെന്നും എന്നാൽ സിലബസിൽ പേജ് 16-ൽ it is given that letter grades shall be assigned to each course based on the categorization provided in 12.16 എന്ന് പറയുന്നുണ്ടെങ്കിലും കോളേജ് സമർപ്പിച്ചിരിക്കുന്ന സിലബസിൽ 12.16 എന്നൊരു ഭാഗം ഇല്ലാത്തതിനാൽ അത് തിരുത്തേണ്ടതാണെന്നും, സിലബസ്സിൽ കണ്ടെത്തിയ ചെറിയ ഈ പിഴവ് ഒഴികെ മറ്റെല്ലാം അംഗീകരിക്കാവുന്നതാണെന്നും ശിപാർശ ചെയ്തു.

ഈ വിഷയം പരിഗണിച്ച ബഹു.വൈസ് ചാൻസലർ കളമശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൽ നിന്നും സമർപ്പിച്ച പരിഷ്കരിച്ച എം.സി.എ പ്രോഗ്രാമിന്റെ (2 വർഷം ദൈർഘ്യമുള്ളത്) സിലബസിൽ ബോർഡ് ഓഫ് സ്റ്റഡീസ് അഭിപ്രായപ്പെട്ടിരിക്കുന്ന മേൽ സൂചിപ്പിച്ച ന്യൂനത പരിഹരിക്കണമെന്ന വ്യവസ്ഥയോടെ സിലബസ്, 2020-21 അക്കാദമിക വർഷം മുതൽ അംഗീകരിക്കുന്നതിന് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2.രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3.പ്രിൻസിപ്പൽ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശേരി

4.ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
5.ഡെപ്യൂട്ടി രജിസ്ട്രാർ II(അക്കാദമിക്)
6.അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
7.ഏസി.സി. സെക്ഷൻ
8.പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ / ഐ.ക്യൂ.എ.സി.
9.ഇ.ഐ.36 / ഇ.ഐ.38/ഇ.ഐ.39 സെക്ഷനുകൾ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 33924/AC B7-1/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 13-Oct-2020 03:05 PM - Page 2